പതിമൂന്നാം കേരള നിയമസഭ

ബുള്ളറ്റിൻ ഭാഗം – 2

2012 ഏപ്രിൽ 26

നമ്പർ: 182

## സബ്ജക്ട് കമ്മിറ്റികൾ (2011–2013)– അദ്ധ്യക്ഷൻമാരുടെ/എക്സ് ഒഫീഷ്യോ അംഗങ്ങളുടെ നാമനിർദ്ദേശം.

സംസ്ഥാന മന്ത്രിസഭയിൽ 12.04.2012 മുതൽ രണ്ട് മന്ത്രിമാർ കൂടി അംഗങ്ങളാകുകയും മന്ത്രിമാർ ചുമതല വഹിക്കുന്ന വകുപ്പുകൾ പുനഃക്രമീകരിക്കുകയും ചെയ്തിരിക്കുന്നു. ഇതിന്റെയടിസ്ഥാനത്തിൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 233(2) ഉം 234 ഉം അനുസരിച്ച് സബ്ജക്ട് കമ്മിറ്റികളുടെ അദ്ധ്യക്ഷൻമാരിൽ/എക്സ് ഒഫീഷ്യോ അംഗങ്ങളിൽ താഴെപ്പറയുന്ന മാറ്റങ്ങൾ വരുത്തിയിരിക്കുന്നു.

1) ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രിയായി ചുമതലയേറ്റ ശ്രീ. അനൂപ് ജേക്കബിനെ ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ അദ്ധ്യക്ഷനായും സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII- ന്റെ എക്സ്–ഒഫീഷ്യോ അംഗമായും നാമനിർദ്ദേശം ചെയ്തിരിക്കുന്നു. ഈ ചുമതലകൾ വഹിച്ചു വന്ന തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി ശ്രീ. ഷിബു ബേബിജോണിനെ പ്രസ്തുത ചുമതലകളിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു.

2)ശ്രീ. മഞ്ഞളാംകുഴി അലി മുൻസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷ ക്ഷേമവും വകുപ്പ് മന്ത്രിയായി ചുമതലയേറ്റതിനാൽ അദ്ദേഹത്തെ സബ്ജക്ട് കമ്മിറ്റി IV- ലെ അംഗത്വത്തിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു. മുൻസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷ ക്ഷേമവും വകുപ്പ് മന്ത്രിയെ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX- ന്റെ എക്സ് ഒഫിഷ്യോ അംഗമായി നാമനിർദ്ദേശം ചെയ്തിരിക്കുന്നു. വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രിയെ സബ്ജക്ട് കമ്മിറ്റി IX-ന്റെ എക്സ് ഒഫിഷ്യോ അംഗത്വത്തിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു.

3) റവന്യൂവും കയറും വകുപ്പു മന്ത്രിയെ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II ന്റെ അദ്ധ്യക്ഷനായും ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ എക്സ് - ഒഫിഷ്യോ അംഗമായും നാമനിർദ്ദേശം ചെയ്തിരിക്കുന്നു.

4) ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രിയെ മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ എക്സ്-ഒഫിഷ്യോ അംഗമായി നാമനിർദ്ദേശം ചെയ്തിരിക്കുന്നു.

5) ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രിയെ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ അദ്ധ്യക്ഷനായി നാമനിർദ്ദേശം ചെയ്തിരിക്കുന്നു.

പി. കെ. മുരളീധരൻ,
*സെക്രട്ടറി-ഇൻ-ചാർജ്.*